(എഫ്) നികുതികൾ സത്വരം പിരിച്ചെടുക്കാൻ വേണ്ട കർശന നിർദ്ദേശങ്ങൾ എല്ലാ വകുപ്പുദ്യോഗസ്ഥന്മാർക്കും നൽകിയിട്ടുണ്ട്.

മോട്ടോർ വാഹനവകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്

108 (2821) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ൽ കേരള സർക്കാർ പ്രസിദ്ധീകരിച്ച മോട്ടോർ വാഹന വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് പ്രകാരം കേരളത്തിൽ ആകെ ഉണ്ടായിരുന്ന മോട്ടോർ വാഹനങ്ങളുടെ എണ്ണം എത്രയായിരുന്നു ;

(ബി) ഇപ്പോൾ കേരളത്തിൽ എത്ര മോട്ടോർ വാഹനങ്ങളുണ്ട് ; മോട്ടോർ വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(സി) എ.എം.വി.ഐ. റാങ്ക് ലിസ്റ്റ് ഹോൾഡേഴ്സ് അസ്സോസിയേഷന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) സെക്രട്ടേറിയറ്റ് നടയിൽ ഇവർ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇവരെ ചർച്ചയ്ക്ക് വിളിച്ച് സമരം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2,20,741 വാഹനങ്ങൾ

(ബി) 17,08,935 വാഹനങ്ങൾ. മോട്ടോർ വാഹനങ്ങളുടെ വർദ്ധനവിനനുസരിച്ച് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) അസോസിയേഷൻ പ്രതിനിധികളോട് കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് സ്റ്റേഷനുകൾ

109 (2822) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മോട്ടോർ വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റ് ചെയ്യുന്നതിന് അംഗീകൃത ടെസ്റ്റിങ്ങ് സ്റ്റേഷനുകൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly